# ആരോഗ്യവും നീതിയും

നിസാർ അഹമ്മദ്



ആരോഗ്യവും നീതിയും
നിസാർ അഹമ്മദ്
(മലയാളം: ലേഖനം)

© 2021, Nisar Ahamed

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Street in Tahiti, a painting by Paul Gauguin (1848–1903). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ആരോഗ്യവും നീതിയും

ഒരു അവസ്ഥയെ വിവരിക്കുന്ന പദമല്ല ആരോഗ്യം. ഒരു അവസ്ഥയുടെ അഭികാമ്യതയെ സൂചിപ്പിക്കുന്ന പദമാണ് അത്. ഒരു ഉത്തമമാതൃകയെ നിർമ്മിക്കുന്ന സംകൽപനങ്ങളും വാസ്തവികമായ അവസ്ഥകളെ വിവരിക്കുന്ന സംകല്പനങ്ങളും തമ്മിൽ വ്യത്യാസങ്ങളുണ്ട്. എന്നുതന്നെയല്ല ഉത്തമമാതൃക ഒരു സാധാരണതയെ മുൻകൂട്ടി നിശ്ചയിക്കുന്നുണ്ട്. അതായത് സാധാരണ പരിതഃസ്ഥിതിയിൽ ശരീരത്തിന്റെ അവസ്ഥ എന്തായിരിക്കണമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത് എന്ന്. ഈ അർത്ഥത്തിൽ സാധാരണത, അങ്ങനെ തിരിച്ചറിയപ്പെടുമ്പോൾ, ജനങ്ങൾ പിൻതുടരാൻ ശ്രമിക്കേണ്ടതായ ഒരു ഉത്തമമാതൃകയാണ്. ഈ അർത്ഥത്തിൽ ആരോഗ്യം നിഷേധാത്മകമായി നിർവ്വചിക്കപ്പെട്ട ഒരു സാമാന്യമാതൃകയാണ്.


> ക്ലിനിക്കൽ മെഡിസിൻ എന്നപേരിൽ അറിയപ്പെടുന്ന വിഭാഗത്തിന്റെ വാണിജ്യവത്കരണത്തിൽ, അതിന്റെ സമഷ്ടിയെ വ്യഞ്ജിപ്പിക്കാത്തിടത്ത്, ഇത് ഇപ്പോൾതന്നെ പ്രകടമാണ്. ഉദാഹരണത്തിന്, പൊതു ആരോഗ്യത്തെ ആദരണീയമായ ഒരു വിജ്ഞാനശാഖയാക്കേണ്ട വിഭവങ്ങൾ ഒഴുകാൻ മടിച്ചു നിൽക്കുന്നു. അതേസമയം, ആധുനിക വൈദ്യശാസ്ത്രത്തിൽ അന്തർലീനമായ വ്യക്തിവത്കരണം പോഷകാഹാരക്കുറവുപോലുള്ള പ്രശ്നങ്ങളെ വെറും ചികിത്സാസംകേതങ്ങളിലൂടെ മാത്രം നോക്കികാണുന്നു.


രോഗങ്ങളുടെ അഭാവം എന്ന ആരോഗ്യത്തെക്കുറിച്ചുള്ള ഈ നിർവ്വചനം ധനാത്മകമല്ല (പോസിറ്റീവല്ല). ഇംഗ്ലീഷിലെ 'ഹെൽത്ത്' തുല്യമായ സംസ്കൃതത്തിലെ 'ആരോഗ്യ'വും മലയാളത്തിലെ ആരോഗ്യം എന്ന പദവും സൂചിപ്പിക്കുന്നത് രോഗമില്ലാത്ത ശാരീരികാവസ്ഥയേയാണ്. ഇപ്രകാരം നിഷേധാത്മകമായി നിർവ്വചിക്കപ്പെട്ട ആരോഗ്യം ചികിത്സാസംബന്ധിയായ ഒരു സംകല്പനമാണ്. അതുകൊണ്ടുതന്നെ അതിന്റെ മാനദണ്ഡങ്ങൾ ഒരു വ്യക്തിയുടെ യഥാർഥ ക്ഷേമാവസ്ഥയെ ഉൾക്കൊള്ളുന്നില്ല. മറിച്ച് ആരോഗ്യത്തെക്കുറിച്ചുള്ള ധനാത്മകമായ, നിഷേധാത്മകമല്ലാത്ത, നിർവ്വചനം, ചില ധനാത്മകമായ വിശേഷണങ്ങൾ, ആരോഗ്യത്തെ നിർമ്മിക്കുന്നതായി വിഭാവനം ചെയ്യുന്നുണ്ട്. അത്തരം വിശേഷണങ്ങൾ ഉണ്ടെങ്കിൽ അവ ഒരു സമൂഹത്തിന്റെ മൂല്യങ്ങളുടെ ഒരു ഭാഗമായി രൂപപ്പെട്ടിട്ടുമുണ്ടാകും. ഇത് ആരോഗ്യസംകല്പത്തെ സാമാന്യമായ ആനുഭവിക അന്വേഷണങ്ങൾക്ക് യോജിച്ചതല്ലാതാക്കുന്നു. പല പ്രകാരത്തിലും ആരോഗ്യം ഒരു സമുദായം ജീവിതം ആചരിച്ചുപോരുന്നതിനെ പൂർവ്വകല്പന ചെയ്യുന്നുണ്ട്. മറ്റുവാക്കുകളിൽ പറഞ്ഞാൽ, ആരോഗ്യപ്രവർത്തനങ്ങളായി തിരിച്ചറിയപ്പെടുന്ന കാര്യങ്ങൾക്ക് സാമൂഹ്യമായ ഒരു ഉറവിടമാണുള്ളത്. അതുകൊണ്ടുതന്നെ ആ സാമൂഹ്യവ്യവസ്ഥയിൽ പ്രവർത്തിക്കുന്ന ശക്തിബന്ധങ്ങളോട് പ്രതികരിക്കുന്നതായിരിക്കും ആരോഗ്യസംകല്പം. നിലനിൽക്കുന്ന സാമൂഹിക പ്രയോഗങ്ങളുടെ ആകെത്തുകയോട് ആപേക്ഷികമാണ് ആരോഗ്യം എന്ന് വീക്ഷിക്കുമ്പോൾ എങ്ങനെയാണ് അത്തരം സാമൂഹിക പ്രയോഗങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന പ്രതികർത്താക്കൾ സ്വയം പ്രതിനിധാനം ചെയ്യുന്നത് എന്ന ചോദ്യം ഉയരും. ഇങ്ങനെയുള്ള സ്വയം പ്രതിനിധാനങ്ങളെ, ഒരു സാമൂഹ്യവ്യവസ്ഥയെ നിർണ്ണയിക്കുന്ന ശക്തിബന്ധങ്ങളെ, നിർമ്മിച്ചുകൊണ്ടിരിക്കുന്ന തുടർപ്രക്രിയയായും അതേസമയം അതിന്റെ പരിണതഫലമായും വീക്ഷിക്കാവുന്നതാണ്. ഇത് സ്ഥിതിവിവരക്കണക്കുകളെ ഒരു രാജ്യത്തിന്റെ ആരോഗ്യപരമായ സ്ഥിതിവിശേഷത്തെ സംബന്ധിക്കുന്ന ഒരു അപര്യാപ്തമായ വിവരണമാക്കുന്നു.

ആധുനിക ചികിത്സാവ്യവസ്ഥയിൽ ഉൽപാദിപ്പിക്കപ്പെടുന്ന അറിവ് അതിനെ സംരക്ഷിക്കുന്നവരുടെ താൽപര്യങ്ങളിൽനിന്ന് ഏറെക്കുറെ സ്വതന്ത്രമാണെങ്കിലും ഈ അറിവ് ചികിത്സാസംപ്രദായത്തിലേയ്ക്ക് ഉദ്ഗ്രഥിക്കുന്നതുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ എടുക്കുന്നത് ഈ മേഖലയിൽ ആധിപത്യമുള്ള പ്രതികർത്താക്കൾ ആണ്. ക്ലിനിക്കൽ മെഡിസിൻ എന്നപേരിൽ അറിയപ്പെടുന്ന വിഭാഗത്തിന്റെ വാണിജ്യവത്കരണത്തിൽ, അതിന്റെ സമഷ്ടിയെ വ്യഞ്ജിപ്പിക്കാത്തിടത്ത്, ഇത് ഇപ്പോൾ തന്നെ പ്രകടമാണ്. ഉദാഹരണത്തിന്, പൊതു ആരോഗ്യത്തെ ആദരണീയമായ ഒരു വിജ്ഞാനശാഖയാക്കേണ്ട വിഭവങ്ങൾ ഒഴുകാൻ മടിച്ചു നിൽക്കുന്നു. അതേസമയം, ആധുനിക വൈദ്യശാസ്ത്രത്തിൽ അന്തർലീനമായ വ്യക്തിവത്കരണം പോഷകാഹാരക്കുറവുപോലുള്ള പ്രശ്നങ്ങളെ വെറും ചികിത്സാസംകേതങ്ങളിലൂടെ മാത്രം നോക്കികാണുന്നു. ആരോഗ്യത്തിന്റെ ഉപഭോഗവത്കരണം എന്നൊക്കെ വിളിക്കാവുന്ന കാര്യങ്ങളുടെ ഫലമായി പാവപ്പെട്ടവർ ബുദ്ധിമുട്ടുന്നു. ആധുനിക വൈദ്യശാസ്ത്രത്തിന്റെ വ്യക്തിവത്കരണപ്രവണതയും ആധുനികസമ്പദ്‌വ്യവസ്ഥയുടെ ഉപഭോഗവത്കരണപ്രവണതയും പരസ്പരം ബന്ധപ്പെട്ടതാണ്. അതുകൊണ്ടുതന്നെ സമൂഹത്തിൽ നടപ്പിലുള്ള അനീതിയും അസമത്വവും ആരോഗ്യമേഖലയിലും പ്രതിഫലിക്കുന്നു.

ജനാധിപത്യപരമെന്ന് പ്രതിജ്ഞാപൂർവ്വം പറയുന്ന ഒരു സാമൂഹ്യവ്യവസ്ഥയിൽ ഘടനാപരമായി നിർണ്ണയിക്കപ്പെട്ട എന്തെങ്കിലും കാരണങ്ങളാൽ കുറേ പേർക്ക് ആരോഗ്യവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പങ്കെടുക്കാനാവുന്നില്ലെങ്കിൽ അവിടെ അനീതിയുണ്ടെന്ന് വ്യക്തം.


> ക്ലിനിക്കൽ സ്റ്റാന്റേഡിന് അനുസൃതമായിപ്പോലും സമൂഹത്തിലെ ഒരു വലിയ വിഭാഗത്തിന് ആരോഗ്യം പുലർത്താനുള്ള വിഭവങ്ങൾ നിഷേധിക്കപ്പെടുന്നത് കാണുമ്പോൾ ആരോഗ്യശാസ്ത്രം നിലനിൽക്കുന്ന സാമൂഹ്യ പ്രയോഗങ്ങളോട് സമരസപ്പെട്ടാണ് പ്രവർത്തിക്കുന്നത് എന്നാണ് തോന്നുക. ജനാധിപത്യം ഭൂരിപക്ഷത്തിന്റെ ഭരണമായി നിർവ്വചിക്കപ്പെടുന്നതുകൊണ്ട് നിലവിലുള്ള സ്ഥിതിവിശേഷം അനിവാര്യമായും ഒരു വിരോധാഭാസമാണ്.


ആരോഗ്യത്തെക്കുറിച്ചുള്ള അങ്ങേയറ്റം വ്യക്തിവത്കൃതമായ ആശയം അനീതി സൃഷ്ടിക്കുന്നുണ്ടോ എന്നതല്ല പ്രശ്നം. മറിച്ച്, ആധുനിക വൈദ്യശാസ്ത്രത്തിൽ വരുന്ന ആരോഗ്യത്തെ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾ നിറവേറ്റപ്പെടുന്നതിൽനിന്ന് മനുഷ്യരെ സാംസ്കാരികവും സ്ഥാപനപരവും സാമ്പത്തികവും ആയ പലതരം അവസ്ഥാവിശേഷങ്ങൾ യഥാർഥത്തിൽ തടയുമ്പോൾ ഈ മാനദണ്ഡങ്ങൾ നീതി ചെയ്യുന്നുണ്ടോ എന്നതാണ്. ആരോഗ്യം സാമൂഹ്യമായി നിർണ്ണയിക്കപ്പെടുന്നതാണ് എന്നു പറയുന്നതിന് സമമല്ല ഇത്. ക്ലിനിക്കൽ സ്റ്റാന്റേഡിന് അനുസൃതമായിപ്പോലും സമൂഹത്തിലെ ഒരു വലിയ വിഭാഗത്തിന് ആരോഗ്യം പുലർത്താനുള്ള വിഭവങ്ങൾ നിഷേധിക്കപ്പെടുന്നത് കാണുമ്പോൾ ആരോഗ്യശാസ്ത്രം നിലനിൽക്കുന്ന സാമൂഹ്യപ്രയോഗങ്ങളോട് സമരസപ്പെട്ടാണ് പ്രവർത്തിക്കുന്നത് എന്നാണ് തോന്നുക. ജനാധിപത്യം ഭൂരിപക്ഷത്തിന്റെ ഭരണമായി നിർവ്വചിക്കപ്പെടുന്നതുകൊണ്ട് നിലവിലുള്ള സ്ഥിതിവിശേഷം അനിവാര്യമായും ഒരു വിരോധാഭാസമാണ്.

എങ്കിലും, നിലനിൽക്കുന്ന സാമൂഹ്യവ്യവസ്ഥയുടെ ഘടനാപരമായ ഗുണധർമ്മം എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം നടപ്പാക്കുന്നതിന് ദോഷകരമാണോ അല്ലയോ എന്നുള്ളത് വ്യത്യസ്തമായ ഒരു ചോദ്യമാണ്. സ്വന്തം കർതൃത്വങ്ങൾ പുനഃസൃഷ്ടിക്കുന്നതടക്കമുള്ള മനുഷ്യപ്രതികർത്താക്കളുടെ സാമൂഹികപ്രയോഗങ്ങൾ ആരോഗ്യാവസ്ഥയ്ക്ക് ഏതെങ്കിലും തരത്തിൽ സംഭാവന ചെയ്യുമോ എന്നും അറിയില്ല. ഈ ചോദ്യങ്ങൾക്ക് ആവശ്യം വർഗ്ഗം, സമുദായം, ലിംഗപദവി, പ്രായം, ഭൗതികമായ ഇടം, എന്നിവയ്ക്ക് കുറുകെയുള്ള സാമൂഹികപ്രയോഗങ്ങളിലേയ്ക്ക് ഇറങ്ങി ചെന്നിട്ടുള്ള വിശദമായ അന്വേഷണങ്ങളാണ്. ഈ പ്രയോഗങ്ങളും അതിൽ ഉൾപ്പെട്ടിട്ടുള്ള പ്രതികർത്താക്കളുടെ ആരോഗ്യാവസ്ഥയുമായുള്ള കാര്യകാരണബന്ധം മനസ്സിലാക്കാൻ സ്ഥാപനങ്ങൾക്ക് അകത്തും സ്ഥാപനങ്ങൾ തമ്മിലുമുള്ളതുമായുള്ള വ്യവഹാരങ്ങൾ പരിശോധിക്കേണ്ടതുണ്ട്. ഈ സന്ദർഭത്തിലാണ് ആരോഗ്യാവസ്ഥയെ രേഖപ്പെടുത്തുന്നതിലും അപഗ്രഥിക്കുന്നതിലും നീതി എന്ന സംകല്പം മുഖ്യമാവുന്നത്. കാരണം സ്ഥാപനങ്ങളുടെ ചിട്ടപ്പെടുത്തലുകളിൽ സ്വധർമ്മങ്ങളും അവകാശങ്ങളും പ്രാപ്തമാക്കലാണ് നീതി. പ്രതികർത്താക്കൾ തമ്മിലുള്ള പരസ്പര വ്യവഹാരമാണ് പലതരം സ്ഥാപനങ്ങളെ പുനരുത്പാദിപ്പിക്കുകയും അതുവഴി മുഴുവൻ സാമൂഹ്യവ്യവസ്ഥയെ പുനരുത്പാദിപ്പിക്കുയും ചെയ്യുന്നത്. അതുകൊണ്ട് ശാരീരികവും മാനസികവുമായ വിഭവങ്ങളെ ഒരു വിഭാഗം പ്രതികർത്താക്കൾ ഏതെങ്കിലും തരത്തിൽ തട്ടിയെടുത്താൽ ആ സ്ഥാപനത്തിന്റെ ഘടനയുടെ സമതുലിതാവസ്ഥ ആ വിഭാഗത്തിന് അനുകൂലമായി ചെരിയും. അതേസമയം അതിൽ ഉൾപ്പെടുന്ന ബാക്കിയുള്ള പ്രതികർത്താക്കളുടെ മൗനസമ്മതമില്ലാതെ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാനും പറ്റില്ല.

## ഗവേഷണ ഉപായങ്ങൾ


> സാമൂഹികമായി ഒറ്റപ്പെട്ട സമുദായങ്ങൾ സമൂഹത്തിന്റെ ഓരങ്ങളിൽ കിടക്കുന്നതുകൊണ്ട് ആധുനികസൗകര്യങ്ങൾ ലഭിക്കുന്ന കാര്യത്തിൽ വാസ്തവത്തിൽ പിന്നോക്കമാണ്. ഈ അവസ്ഥ സാമ്പത്തികമായ പിന്നോക്കാവസ്ഥയിൽനിന്ന് സംകല്പനപരമായി വ്യത്യസ്തമാണ്. എങ്ങനെയായാലും ഈ രണ്ട് പരിതഃസ്ഥിതിയിലും ആരോഗ്യമാണ് മോശമായി ബാധിക്കപ്പെടുന്നത്.


സാമൂഹികമായി പിന്നോക്കം നിൽക്കുന്ന വിഭാഗമായി കരുതപ്പെടുന്നവരുടെ ആരോഗ്യാവസ്ഥ പരിശോധിക്കലാണ് ഗവേഷണോപായത്തിലെ ആദ്യത്തെ നടപടി. അത്തരം ഒരു പരിശോധന സാംസ്കാരികമായ ഒറ്റപ്പെടലും ആരോഗ്യപരമായ കഷ്ടസ്ഥിതിയും തമ്മിലുള്ള ബന്ധത്തെ ശ്രദ്ധയിൽ കൊണ്ടുവരും. കൂടാതെ ആരോഗ്യസംസ്കാരത്തിന്റെ ബലതന്ത്രങ്ങളേയും വെളിപ്പെടുത്തും. സാമൂഹികമായി ഒറ്റപ്പെട്ട സമുദായങ്ങൾ സമൂഹത്തിന്റെ ഓരങ്ങളിൽ കിടക്കുന്നതുകൊണ്ട് ആധുനികസൗകര്യങ്ങൾ ലഭിക്കുന്ന കാര്യത്തിൽ വാസ്തവത്തിൽ പിന്നോക്കമാണ്. ഈ അവസ്ഥ സാമ്പത്തികമായ പിന്നോക്കാവസ്ഥയിൽനിന്ന് സംകല്പനപരമായി വ്യത്യസ്തമാണ്. എങ്ങനെയായാലും ഈ രണ്ട് പരിതഃസ്ഥിതിയിലും ആരോഗ്യമാണ് മോശമായി ബാധിക്കപ്പെടുന്നത്. രണ്ടു മുനകളുള്ളതാണ് ഈ ഗവേഷണ പദ്ധതി. ആദ്യമായി ഒരു ഗോത്രസമുദായത്തെ തിരഞ്ഞെടുക്കും. അവരുടെ ആരോഗ്യാവസ്ഥയുമായി ബന്ധപ്പെട്ട സാമൂഹികവും സാമ്പത്തികവുമായ അവസ്ഥകളെ വിശദമായി പരിശോധിക്കാനും കൂടാതെ ആരോഗ്യകാര്യങ്ങളിൽ അവരെ സ്വയം മുൻകൈയ്യെടുക്കലിന് തയ്യാറാക്കാനുമാണ് ഉദ്ദേശ്യം. ഗോത്രവൈദ്യത്തെക്കുറിച്ചുള്ള അവരുടെ പാരമ്പര്യത്തെ നിലനിർത്തിക്കൊണ്ടുതന്നെ ഈ പദ്ധതി നരവംശശാസ്ത്രപരമായ ഗവേഷണത്തേയും സമുദായ വികസനപ്രവർത്തനത്തേയും കോർത്തിണക്കും. വസ്തുതകൾ / വിവരങ്ങൾ ശേഖരിക്കുന്നതിലും അവയെ സൈദ്ധാന്തികമായ കാഴ്ചപ്പാടിൽ വാർത്തെടുക്കുന്നതിലും സാമൂഹ്യശാസ്ത്രത്തിന്റെ രീതിശാസ്ത്രങ്ങളിൽ അടുത്തകാലത്തുണ്ടായ വികാസങ്ങളെയൊക്കെ ഉപയോഗപ്പെടുത്തുകയും ചെയ്യും. അതേസമയം ഗവേഷണത്തെ സർഗ്ഗാത്മകമായ സാമൂഹിക സേവനവുമായും കൂട്ടിയിണക്കും. പ്രസ്തുത സമുദായത്തിന് സമുദായത്തിന്റേതായ ആശയങ്ങൾ ആവിഷ്കരിക്കാൻ സഹായിക്കുക എന്നു മാത്രമായി സാമൂഹികസേവനത്തിന്റെ കർമ്മപരിധി കുറച്ചാണ് ഈ ലക്ഷ്യം പൂർത്തീകരിക്കുക.

(1996-ൽ സമർപ്പിച്ച ഗവേഷണ പദ്ധതിയുടെ ചുരുക്കം.)

ഇംഗ്ലീഷിൽ നിന്ന് വിവർത്തനം: മുകുന്ദനുണ്ണി.

□

## നിസാർ അഹമ്മദ്



നിരവധി ലേഖനങ്ങൾ, പേരു് വെയ്ക്കാത്ത ഗ്രന്ഥങ്ങൾ, പ്രഭാഷണങ്ങൾ... ഇവയിലൂടെ പ്രസരിച്ച അദ്ദേഹത്തിന്റെ ചിന്തകൾ ഇന്നത്തെ ബൗദ്ധിക ലോകത്തു്, പ്രത്യേകിച്ചും കേരളത്തിന്റെ, വ്യക്തതയുടെ വെളിച്ചമായി നിലനില്ക്കുന്നു.

RIVER VALLEY
DIGITAL LIBARY
*empowering the author ...*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ | രൂപ | 238 |
| (119 വീതം ആറു മാസത്തിലൊരിക്കൽ) | | |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്കിറ്റ് | 25 |

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ച് അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014